# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5643 27.03.2018 ൽ മറുപടിയ്ക്ക്

**ഇതര സംസ്ഥാന വാഹന രജിസ്ട്രേഷൻ**

| | ചോദ്യം<br>ശ്രീ. കെ.വി.വിജയദാസ് | | മറുപടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിൽ താമസക്കാരായവർ ഇതര സംസ്ഥാനങ്ങളിൽ വ്യാജ മേൽവിലാസം നൽകി വാഹന രജിസ്ട്രേഷൻ നിയമവിരുദ്ധമായി നടത്തിയ എത്ര കേസ്സുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | അന്യസംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങളുമായി ബന്ധപ്പെട്ട് വിഷയത്തിൽ, പുതുച്ചേരിയിൽ വാഹനം രജിസ്റ്റർ ചെയ്യുകയും കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുകയും ചെയ്യുന്ന എന്ന കരുതപ്പെടുന്ന ഏകദേശം 2327 വാഹനങ്ങൾ ഉൾപ്പെട്ടിട്ടുണ്ട് എന്നാണ് കണക്കാക്കപ്പെടുന്നത്. വാഹന ഉടമകൾക്ക് നോട്ടീസ് അയച്ച് ക്ലിപ്തപ്പെടുത്തിയതിനുശേഷമേ കൃത്യമായ കണക്കുകൾ ലഭ്യമാകു. |
| (ബി) | ഈ നടപടിമൂലം എത്ര കോടിയുടെ നഷ്ടം സംസ്ഥാനത്ത് വന്നുചേർന്നിട്ടുണ്ട്; വിശദവിവരം നൽകുമോ; | (ബി) | ഇതു സംബന്ധമായി കൃത്യമായ കണക്കെടുപ്പ് സാദ്ധ്യമായിട്ടില്ല. നോട്ടീസ് നൽകി മറ്റ് എല്ലാ നടപടിക്രമങ്ങൾ പൂർത്തിയായതിനുശേഷമേ ഇതു സംബന്ധമായ കണക്ക് ലഭ്യമാകുകയുള്ളൂ |
| (സി) | പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഇതിലൂടെ എത്ര രൂപ സർക്കാരിന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദവിവരം നൽകുമോ? | (സി) | നിശ്ചിത സമയ പരിധിക്കുള്ളിൽ നികുതി അടച്ച് വാഹനം കേരളത്തിൽ മാറ്റാത്തവർക്കെതിരെ റവന്യൂ റിക്കവറി നടപടികൾ, വാഹനം പിടിച്ചെടുക്കൽ എന്നിവ അടക്കമുള്ള സാദ്ധ്യമായ എല്ലാ നടപടിയും സ്വീകരിച്ചുവരുന്നു. നിലവിൽ 198 വാഹനഉടമകളിൽ നിന്നും 17,81,64,268/- രൂപ ടാക്സ് ഇനത്തിൽ ലഭിക്കുക യുണ്ടായി. |

സെക്ഷൻ ഓഫീസർ